**കേരളാ സർക്കാർ**

നം. 71395/ആർ.എ.2/2009/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി, 15/9/2010.

# സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന: ചീഫ് ടൗൺ പ്ലാനർ തിരുവനന്തപുരത്തിന്റെ 13/7/2010 ലെ ഇ.2/4327/10 നമ്പർ കത്ത്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 13, 14 ചട്ടങ്ങൾ പ്രകാരം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞ് 30 ദിവസത്തിനകം സൈറ്റ് പ്ലാൻ അംഗീകാരവും തുടർന്ന് പെർമിറ്റും നൽകുന്നതിന് വ്യവസ്ഥകളുണ്ട്. എന്നാൽ പെർമിറ്റ് നൽകുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അമിതമായ കാലതാമസം വരുത്തുന്നതായി നിരവധി പരാതികൾ സർക്കാരിന് ലഭിച്ചുവരുന്നു. ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണ അനുമതിക്കായി നഗരസഭകളിലും പഞ്ചായത്തുകളിലും ലഭിക്കുന്ന അപേക്ഷകളിൽ ആക്ഷേപങ്ങളൊന്നും ഇല്ലാത്തപക്ഷവും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപപത്രങ്ങളൊന്നും വേണ്ടാത്ത പക്ഷവും പ്രസ്തുത അപേക്ഷ ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓരോ ഉദ്യോഗസ്ഥനും കൈവശം വച്ച് നടപടി സ്വീകരിക്കുവാൻ വേണ്ട സമയക്രമം, ചുവടെ ചേർക്കുന്നു.

1) ഓഫീസിൽ ലഭിക്കുന്ന അപേക്ഷ രജിസ്റ്റർ ചെയ്തു ബന്ധപ്പെട്ട ഓവർസിയർക്ക് കൈമാറുന്നതിന് - 2 ദിവസം

2) ഓവർസിയർ പരിശോധന പൂർത്തിയാക്കി ശുപാർശ സമർപ്പിക്കുന്നതിന് - 7 ദിവസം

3) അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ ലെവലിലുള്ള പരിശോധനയ്ക്ക് - 3 ദിവസം.

4) സെക്രട്ടറിക്ക് - 3 ദിവസം

5) പെർമിറ്റ്/ നോട്ടീസ് പോസ്റ്റിൽ അയയ്ക്കുന്നതുവരെയുള്ള ഓഫീസ് നടപടിയ്ക്ക് - 3 ദിവസം

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിൽ അനുമതി നൽകുന്ന അപേക്ഷകളിൽ ആകെ 15

→

ദിവസത്തിനകവും സെക്രട്ടറി തലത്തിൽ അനുമതി നൽകുന്ന അപേക്ഷകളിൽ 18 ദിവസത്തിനകവും പെർമിറ്റ് നൽകിയിരിക്കേണ്ടതാണ്.

അനാവശ്യമായി അപേക്ഷകൾ കൈവശം വച്ച് കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ (തിരുവനന്തപുരം) } (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തരമായി എല്ലാ നഗരസഭാ / പഞ്ചായത്ത് സെക്രട്ടറിമാർക്കും കർശനമായി പാലിക്കുന്നതിന് ലഭ്യമാക്കേണ്ടതാണ്)

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്), തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
(കൊല്ലം, കൊച്ചി, കോഴിക്കോട്)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും,
(തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ. (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്.)

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശസ്വയം ഭരണ (ആർ. എ.1, ആർ. എ.3) (ആർ. ബി) (ആർ. ഡി) (ഇ.പി.എ.), ഇ.പി.ബി), (ഇ.ഡബ്ല്യൂ.), (ഇ.യു) വകുപ്പുകൾക്ക്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.